പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3720 | 14.03.2017 ൽ മറുപടിയ്ക്ക് |
|---|---|
| **വിവിധക്ഷേമ പദ്ധതികളുടെ വിലയിരുത്തൽ** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.അടൂർ പ്രകാശ്<br>,, വി.ടി.ബൽറാം<br>,, അനൂപ് ജേക്കബ്<br>,, റോജി എം. ജോൺ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി)** |
| (എ) സംസ്ഥാനത്ത് സ്ത്രീകൾ, കുട്ടികൾ, അംഗപരിമിതർ, വൃദ്ധജനങ്ങൾ എന്നിവർക്കായി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് സ്ത്രീകൾ, കുട്ടികൾ, അംഗപരിമിതർ, വൃദ്ധജനങ്ങൾ എന്നിവർക്കായി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിലയിരുത്തൽ നടത്താറുണ്ട്. |
| (ബി) ഇതു സംബന്ധിച്ച് സോഷ്യൽ ആഡിറ്റ് നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; | (ബി) ഉണ്ട്. 2013-14 സാമ്പത്തിക വർഷം യൂണിസെഫിന്റെയും വകുപ്പിന്റെയും സാമ്പത്തിക സഹായത്തോടൊപ്പം മുംബൈ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസിന്റെ സാങ്കേതിക സഹായത്തോടെയും വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളെ പൈലറ്റ് അടിസ്ഥാനത്തിൽ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുകയും സോഷ്യൽ ഓഡിറ്റ് മാനുവൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് നേമം ഐ.സി.ഡി.എസ് പ്രോജക്ട് പൂർണ്ണമായും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കി വരുന്നു. സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികളെയും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ, വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ഐ.സി.ഡി.എസ് പദ്ധതിയെക്കുറിച്ചുള്ള അവബോധത്തിന്റെ കുറവ് എന്നിവയാണ് തിരുനെല്ലി പഞ്ചായത്തിലെ സോഷ്യൽ ഓഡിറ്റിലൂടെ കണ്ടെത്തിയ പ്രശ്നങ്ങൾ. |

| | |
|---|---|
| (സി) ഏതെങ്കിലും വിഭാഗത്തിൽപ്പെട്ടവർക്ക് അർഹതപ്പെട്ട കാര്യങ്ങൾ ഇതുവരെ നടപ്പിലാക്കിയിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഭാഗത്തിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കുമോ? | (സി) ഐ.സി.ഡി.എസ് പദ്ധതിയിൻ കീഴിൽ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമ പ്രവർത്തനങ്ങൾ നടന്നു വരുന്നു. അംഗപരിമിതർ, വികലാംഗർ എന്നിവരുടെ ക്ഷേമത്തിനായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കി വരുന്നു. മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിരക്ഷ നൽകേണ്ടതിനായുള്ള പദ്ധതികൾ നടപ്പിലാക്കുന്നതാണ്. പതിനെട്ട് വയസ് പൂർത്തിയാക്കി ജുവനൈൽ ജസ്റ്റിസ് ഹോമുകളിൽ നിന്നും പുറത്തിറങ്ങുന്ന കുട്ടികളുടെ പുനരധിവാസം ലക്ഷ്യമിട്ടുകൊണ്ടുള്ള ആഫ്റ്റർ കെയർ പ്രോഗ്രാമുകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ